സി.എസ്(3)39539/07.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം. തീയതി: 28-6-2011.

സർക്കുലർ നംപർ 44/11

വിഷയം:- സഹകരണവകുപ്പ്-നീതിസ്റ്റോർ ജീവനക്കാരുടെ ശംബള പരിഷ്കരണം-സംബന്ധിച്ച്.

സൂചന:- 1) സർക്കാരിന്റെ 4-1-2011-ലെ ജി.ഒ.(പി) നം. 3/11/സഹ. നംപർ ഉത്തരവ്.

2) സർക്കാരിന്റെ 22-3-2011-ലെ 483/സി3/2011/സഹ. നംപർ കത്ത്.

.................

പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതിസ്റ്റോറിൽ ജോലി ചെയ്യുന്ന നീതിസ്റ്റോർ ജീവനക്കാരിൽ ഒരു നീതിസ്റ്റോറിൽ ഒരാൾ എന്ന ക്രമത്തിൽ സെയിൽസ്മാൻ തസ്തികയിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ശംബളസ്കെയിൽ അനുവദിച്ച് സഹകരണ ചട്ടം 4-മത് ഭേദഗതിയിലൂടെ സംസ്ഥാന സർക്കാർ 4-1-2011-ലെ ജി.ഒ.(പി) നം. 3/2011/ സഹ ഉത്തരവ് പ്രകാരം അപ്പന്റിക്സ് III e-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നീതി സ്റ്റോർ ജീവനക്കാരെ അപ്പന്റിക്സ് III- യിൽ ഉൾപ്പെടുത്തിയതിനാൽ ടി തസ്തികകൾ റഗുലർ തസ്തികകളായി പരിഗണിക്കാവുന്നതും സഹകരണ നിയമത്തിലും ചട്ടങ്ങളിലും രജിസ്ട്രാർ-ടെ 7-9-1991-ലെ 18/91-ലെ സർക്കുലർ നിർദ്ദേശങ്ങളിൽ അനുശാസിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ചാണ് നിയമനം നടത്തേണ്ടത്. ഇപ്രകാരം നീതിസ്റ്റോറിൽ നിയമിക്കപ്പെട്ടവർക്കും നിയമനത്തിന് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം ലഭിച്ചവർക്കും മറ്റ് റഗുലർ ജീവനക്കാർക്ക് ലഭിക്കുന്നതുപോലെ ക്ഷാമബത്ത, വീട്ടുവാടക ബത്ത, സിറ്റി കോംബൻസേറ്ററി അലവൻസ്, മെഡിക്കൽ അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതും സ്വയാശ്രയ പെൻഷൻ പദ്ധതി സഹകരണ ജീവനക്കാരുടെ വെൽഫയർ ഫണ്ട്, പ്രോവിഡന്റ് ഫണ്ട് എന്നിവയിൽ അംഗമാകുന്നതിനും അർഹത ഉണ്ടായിരിക്കുന്നതാണ്. ടി നിർദ്ദേശം എല്ലാ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
കെ.വി. സുരേഷ്ബാബു
സഹകരണസംഘം രജിസ്ട്രാർ-ടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

1) ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം.

2) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും

(..2)